# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:797 27/04/2017-ൽ മറുപടിയ്ക്ക്

**ദേശീയ പാതയോരത്ത് പ്രവർത്തിക്കുന്ന ബാറുകളും ബിയർ, വൈൻ പാർലറുകളും**

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. ടി.പി.രാമകൃഷ്ണൻ (തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ പാതയോരത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന ബാറുകളും ബിയർ, വൈൻ പാർലറുകളും എത്ര; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ദേശീയ പാതയോരത്തിന് 500 മീറ്റർ പരിധിക്കുള്ളിൽ ഇപ്പോൾ ഒരു ബാർ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ജനസംഖ്യ 20000-ൽ താഴെ ആയതിനാൽ ദേശീയപാതയിൽ നിന്നും 220 മീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന ഹോട്ടൽ "വൈത്തിരി വില്ലേജ്" ആണ് ഈ ബാർ ഹോട്ടൽ |
| (ബി) കോടതി ഉത്തരവുകൾ വഴി അനുവാദം ലഭിച്ച് പ്രവർത്തിക്കുന്ന ബാറുകൾ എത്ര; | (ബി) 31/03/2017-ലെ സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ ശേഷം വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 4 ബാറുകളും 66 ബീയർ/വൈൻ പാർലറുകളും ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. |
| (സി) കോട്ടക്കൽ നിയോജക മണ്ഡലത്തിൽ ഏതെങ്കിലും ബാറുകളോ ബിയർ, വൈൻ പാർലറുകളോ കോടതി ഉത്തരവ് പ്രകാരം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം; | (സി) ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | എക്സൈസ് വകുപ്പിൽ കേസുകൾ കൈകാര്യം ചെയ്യുവാൻ എക്സൈസ് ആസ്ഥാനത്ത് നിയമ വകുപ്പ് ഉദ്യോഗസ്ഥർ ഉണ്ടോ; ഇല്ലെങ്കിൽ നിയമ വകുപ്പിൽ നിന്നും ആവശ്യമായ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വഴി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഉണ്ട്. നിയമവകുപ്പിൽ നിന്നും ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഒരുദ്യോഗസ്ഥൻ ലാ ഓഫീസറായി പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ